(ഐ) ഇതിനകം ശ്രദ്ധയിൽപ്പെട്ട ക്രക്കേടുകളും അഴിമതികളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. കൂടുതൽ ക്രമക്കേടുകളും അഴിമതികളും ശ്രദ്ധയിൽപ്പെടുന്ന പക്ഷം അന്വേഷണം നടത്തുന്നതാണ്.

പ്രകൃതി പഠനകേന്ദ്രങ്ങൾ

90 [T.1808] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വനം വകുപ്പിന്റെ കീഴിൽ എത്ര പ്രകൃതി പഠനകേന്ദ്രങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രകൃതി പഠനകേന്ദ്രങ്ങൾ എന്തെല്ലാം വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലുള്ള പ്രകൃതി പഠനകേന്ദ്രങ്ങളുടെ പേരും മറ്റ് വിവരങ്ങളും വിശദീകരിക്കാമോ ;

(ഡി) കണ്ണൂർ ജില്ലയിലെ പൊയിലൂരുള്ള പി. ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ വനം വകുപ്പിന്റെ കീഴിൽ കാലടി കേന്ദ്രമാക്കി ഒന്നും കണ്ണൂരിലെ പൊയിലൂർ കേന്ദ്രമാക്കി മറ്റൊരു പ്രകൃതി പഠനകേന്ദ്രവുമാണുള്ളത്. ഇതുകൂടാതെ തൃശ്ശൂരിൽ ഒരു വനവിജ്ഞാന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ 14 വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളോടനുബന്ധിച്ച് ഓരോ പ്രകൃതി വിജ്ഞാനകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) വനം വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് പ്രകൃതി പഠനക്യാമ്പുകൾ, ശിൽപശാലകൾ, സെമിനാറുകൾ, ഫിലിം പ്രദർശനങ്ങൾ എന്നീ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടാതെ വിദ്യാർത്ഥികൾക്കുവേണ്ടി പഠനയാത്രയും സംഘടിപ്പിക്കുന്നുണ്ട്.

(സി) വനം വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ മുൻ മന്ത്രി പി. ആർ. കുറുപ്പിന്റെ സ്മാരകമായി ഒരു പ്രകൃതിപഠന കേന്ദ്രം (പൊയിലൂർ കേന്ദ്രമാക്കി) പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ പൊയിലൂരുള്ള പി. ആർ. കുറുപ്പ് പ്രകൃതി പഠന കേന്ദ്രത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(ഇ) വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും വിജ്ഞാനപ്രദമാകും വിധത്തിൽ വനം വന്യജീവികളെയും വനവിഭവങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള ക്യാമ്പുകൾ, സെമിനാറുകൾ, ശിൽപശാലകൾ, പഠനയാത്രകൾ എന്നീ പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly